# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ്
# (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 06/2024
# 09.08.2024 ഗൂഗിൾ മീറ്റ്

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജന.സെക്രട്ടറി റിപ്പോർട്ട്
4. ജില്ലാ റിപ്പോർട്ട്
5. വയനാട് ദുരിതാശ്വാസനിധി
6. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. ഗീതാനമ്പ്യാർ എം. കെ., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി. വി., ശശി സി. ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. ബി. അശോക്, ഡോ. ഗായത്രിദേവി ജി., ഡോ. ആർ. പ്രഗാഷ്, ഡോ. സുമി ജോയി ഓലിയപ്പുറം, ഡോ. റിജുലാൽ ജി., രജിത സി. ആർ., ഡോ. സുശാന്ത് പി., ഡോ. ജിനീഷ് പി. എസ്., സോബിൻ വർഗീസ് എം. വി., ഡോ. ബേബി ഷീബ സി. പി., ഡോ. മഞ്ജുള കെ. വി., സജിത്ത് കുമാർ പി., ഡോ. കെ. റഹീം, ഡോ. സുനിൽ രാജ് എൻ. വി., ഡോ. മോത്തി ജോർജ്, അനൂപ് ജെ. ആലക്കപ്പള്ളി, സജീവ് യു. എസ്., ഡോ. സുജ ടി. വി., ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഉദയകുമാർ, ഡോ. സി. വി. ഷാജി, ഡോ. ശരത്ത് എസ്., ഡോ. ഷാനവാസ് പി. എച്ച്., ആസിഫ് ഇക്ബാൽ കാക്കശ്ശേരി, ഡോ. അജി. പി. എൽ., ഡോ. വിഷ്ണു വി. എസ്., ഡോ. സുനിത ഗണേഷ്, ഡോ. എം. എ. അസ്കർ, ജയരാജ് ജെ., ഡോ. സെനോ ജോസ്, ഡോ. ആനന്ദ് ടി. എ., ഡോ. രഞ്ജിത്ത് മോഹൻ, ഡോ. മുഹമ്മദ് ബഷീർ ടി.

വൈകിട്ട് 7.00ന് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തക സമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ. എൻ. മനോജ് ആധ്യക്ഷ്യം വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. എം. കെ. ഗീതാനമ്പ്യാർ അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

വയനാട് മുണ്ടക്കൈ, ചൂരൽമല പ്രാദേശത്ത് ഉണ്ടായ ഉരുൾപൊട്ടൽ വിതച്ച ദുരന്തം സമാനതകൾ ഇല്ലാത്തതാണ്. വിദ്യാർത്ഥികളടക്കം നാനൂറിലധികം പേർ മരണപെടുകയും നൂറിലധികം പേരെ കാണാതാവുകയും ചെയ്ത ഈ ദുരന്തത്തിൽ ഒരു പ്രദേശം തന്നെ നാമാവശേഷമായി. കേരള മനസാക്ഷിയെ ഞെട്ടിച്ച ഈ ദുരന്തത്തിൽ മരണമടഞ്ഞവർ, പശ്ചിമ ബംഗാൾ മുൻമുഖ്യമന്ത്രിയും സി.പി.ഐ.എം പോളിറ്റ് ബ്യൂറോ അംഗവുമായിരുന്ന സ. ബുദ്ധദേബ് ഭട്ടാചാര്യ എന്നിവരുടെ വേർപാടിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തകസമിതി യോഗം ആദരാഞ്ജലികൾ അർപ്പിക്കുന്നു.

തുടർന്ന് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. മുഹമ്മദ് റഫീഖ് ടി. റിപ്പോർട്ട് അവതരിപ്പിച്ചു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളേ,

പ്രിൻസിപ്പൽ നിയമനം എത്രയും വേഗം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിൽ നിന്നും അനുകൂലമായ ഉത്തരവ് നേടി അർഹരായ മുഴുവൻ പേർക്കും അപേക്ഷ നൽകി സീനിയോരിറ്റി അനുസരിച്ച് നിയമനം നടത്താൻ ആവശ്യമായ ഇടപെടൽ നടത്തിവരുന്നു.ഇതു സംബന്ധിച്ച് ആവശ്യമായ നിയമനടപടികളുമായി മുന്നോട്ടു പോകുന്നു.പ്ലെയ്സ്മെന്റ് ഉത്തരവുകൾ സമയബന്ധിതമായി ഇറക്കാനും, യു.ജി.സി യുടെ പുതിയ ഗസറ്റ് വിജ്ഞാപനത്തിനനുസരിച്ച് പ്ലെയ്സ്മെന്റുകൾ നടത്താനും ആവശ്യമായ ഇടപെടൽ നടത്തിവരുന്നു. അധ്യാപകരുടെ പി.എച്ച്.ഡി. അഡ്വാൻസ് ഇൻക്രിമെന്റ് വിഷയത്തിൽ സർക്കാരുമായി ചർച്ച നടന്നു. എന്നാൽ ഈ വിഷയത്തിൽ ഉത്തരവ് ഇറങ്ങേണ്ടതുണ്ട്. നാലുവർഷ ഡിഗ്രി കോഴ്സ് നടപ്പാക്കിയ സാഹചര്യത്തിൽ സംസ്ഥാനത്ത് അധ്യാപക തസ്തികകൾ നാലു വർഷത്തേക്ക് ലോക്ക് ചെയ്തിട്ടുണ്ട്. നിലവിലുള്ള പോസ്റ്റുകൾക്ക് അനുപാതികമായി മേജർ, മൈനർ, എം.ഡി.സി എന്നിവയിൽ വർക് ലോഡിന് ആനുപാതികമായി കോഴ്സുകൾ ഓഫർ ചെയ്യണം.സംഘടനയുടെ മെമ്പർഷിപ്പ് പ്രവർത്തനം അവസാന ഘട്ടത്തിലാണ് ഇത് എത്രയും വേഗം പൂർത്തീകരിക്കണം. യൂണിറ്റ് വിസിറ്റ് ഓണാവധിക്ക് മുമ്പായി പൂർത്തീകരിക്കണം. കോളേജ് അധ്യാപകർക്ക് ലഭിക്കേണ്ട ഡി.എ കുടിശ്ശിക എത്രയും വേഗം ലഭിക്കുവാൻ സംഘടന ധനകാര്യ വകുപ്പിന് കത്ത് നൽകിയിട്ടുണ്ട്. അനുകൂല തീരുമാനം ഉണ്ടാകുമെന്നാണ് സംഘടന പ്രതീക്ഷിക്കുന്നത്.മ്യൂസിക് കോളേജ് അധ്യാപകരുടെ സർവീസ് പ്രശ്നത്തിൽ 13-08-2024 ചൊവ്വാഴ്ച്ച ഉന്നത വിദ്യാഭ്യാസവകുപ്പും സംഘടനയുമായി ചർച്ച നടക്കും. മൂന്നാർ കോളേജിന്റെ വിവിധ ആവശ്യങ്ങൾ നേരിട്ട് മനസ്സിലാക്കി പരിഹരിക്കുന്നതിനായി എത്രയും വേഗം ഉന്നതവിദ്യാഭ്യാസ വകുപ്പ് മന്ത്രി കോളേജ് സന്ദർശിക്കുന്നതാണ്.കിഫ്ബി ഫണ്ടിൽ നിർമ്മാണം നടക്കുന്ന കോളേജുകളുടെ നിർമ്മാണ പുരോഗതി വിലയിരുത്താനുള്ള അവലോകനയോഗം വൈകാതെ നടക്കും.പഴയ പെൻഷൻ പുനഃസ്ഥാപിക്കുക, സംസ്ഥാനങ്ങൾക്ക് അർഹമായ യു.ജി.സി വിഹിതം നൽകുക, സർവ്വകലാശാല കോളേജ് അധ്യാപകരുടെ പെൻഷൻ പ്രായം ഏകീകരിക്കുക, പി.എച്ച്.ഡി അഡ്വാൻസ് ഇൻക്രിമെന്റ് നൽകുക തുടങ്ങിയ നിരവധി ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ടുള്ള ദേശവ്യാപക പ്രക്ഷോഭ പരിപാടികൾ

വരുംനാളുകളിൽ സംഘടിപ്പിക്കുവാൻ ഡൽഹിയിൽ ചേർന്ന ഐഫെക്ടോ നാഷണൽ എക്സിക്യൂട്ടീവ് യോഗത്തിൽ ധാരണയായി. 2024 ജൂലൈ 30ന് വയനാട്ടിലെ മുണ്ടക്കൈയിലും,ചൂരൽ മലയിലും ഉണ്ടായ ദുരന്തത്തിൽ സമാനതകളില്ലാത്ത ദുരിതമാണ് വയനാടൻ ജനത അനുഭവിക്കുന്നത്. ദുരിതംപേറുന്ന വയനാടൻ ജനതക്ക് താങ്ങാവേണ്ടത് നമ്മുടെ ഉത്തരവാദിത്വമാണ്. ആയതിനാൽ

സർക്കാർ നിർദേശിച്ച സാലറി ചലഞ്ചിൽ നാം എല്ലാവരും നിർബന്ധമായും പങ്കെടുക്കണം. ഇതിനുപുറമെ സംഘടനാ തലത്തിൽ അംഗങ്ങളിൽ നിന്നും ഒരു തുക സമാഹരിച്ച് ദുരിതാശ്വാസ നിധിയിലേക്ക് നൽകണം.വയനാട് ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടലിൽ ദുരിതബാധിതരായ കോളേജ് വിദ്യാർഥികളുടെ പ്രശ്ന പരിഹാരങ്ങൾക്കും പുനരധിവാസ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനുമായി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കോ ഓർഡിനേഷൻ സെൽ എൻ.എം.എസ്.എം ഗവണ്മെന്റ് കോളേജിൽ പ്രവർത്തനം ആരംഭിച്ചു. കോഓർഡിനേഷൻ സെല്ലിന്റെ കൺവീനർ ആയി കൽപ്പറ്റ ഗവ കോളേജ് അധ്യാപകൻ സോബിൻ വർഗീസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് വിശദമായ ചർച്ചകൾക്ക് ശേഷം താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. യൂണിറ്റ് വിസിറ്റ് ഓണാവധിക്ക് മുമ്പായി പൂർത്തീകരിക്കുവാൻ തീരുമാനിച്ചു.

2. കേന്ദ്ര സർക്കാരിന്റെ തെറ്റായ നയങ്ങൾമൂലം ഉന്നതവിദ്യാഭ്യാസ മേഖല നേരിടുന്ന വിവിധ വിഷയങ്ങൾ ഉന്നയിച്ചു കൊണ്ട് ഐഫെക്ടോയുടെ ആഭിമുഖ്യത്തിൽ നടത്തുന്ന ദേശവ്യാപക പ്രക്ഷോഭത്തിൽ പങ്കാളികളാകും.
3. വയനാട് പുനരധിവാസത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് മുഴുവൻ സംഘടനാംഗങ്ങളുടേയും 5 ദിവസത്തെ ശമ്പളം നൽകാൻ ആവശ്യമായ പ്രവർത്തനം യൂണിറ്റ് തലത്തിൽ നടത്തും.
4. വയനാടിന് സാന്ത്വനമാകുവാൻ നമ്മുടെ അംഗങ്ങളിൽ നിന്നും (ചുരുങ്ങിയത് അസിസ്റ്റന്റ് പ്രൊഫസർ - 2000, അസോസിയേറ്റ് പ്രൊഫസർ - 4000, പ്രൊഫസർ - 5000) 50 ലക്ഷം രൂപ സമാഹരിച്ച് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് നൽകും.
5. സംഘടനയുടെ ആഭിമുഖ്യത്തിൽ ആഗസ്റ്റ് 14 ന് സർക്കാർ കോളേജുകളിൽ സംസ്ഥാനതല ദുരിതാശ്വാസഫണ്ട് സമാഹരണദിനമായി ആചരിക്കും.
6. ദുരിതാശ്വാസ നിധിയുടെ സമാഹരണം രണ്ടു ഗഡുക്കളായി നടത്താവുന്നതാണ് ആദ്യ ഗഡു ഓഗസ്റ്റ് 20ന് മുൻപായും, രണ്ടാം ഗഡു സെപ്റ്റംബർ 10 ന് മുൻപായും സമാഹരിക്കണം. ഇതിനായി എല്ലാ യൂണിറ്റുകളിലും സംഘടനയുടെ നേതൃത്വത്തിൽ സ്ക്വാഡ് പ്രവർത്തനം നടത്തണം.
7. ജില്ലാ സെക്രട്ടറിമാർ യൂണിറ്റുകളിൽ നിന്നും സമാഹരിക്കുന്ന ദുരിതാശ്വാസനിധി സംഘടനയുടെ എസ്.ബി.ഐ പനവിള ബ്രാഞ്ചിലേക്ക് (Account No. 39073701344 IFSC CodeSBIN0013313) അയക്കേണ്ടതാണ്. ഇതിന്റെ പ്രവർത്തനങ്ങൾ കൃത്യമായി ഏകോപിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുവാൻ സംസ്ഥാന പ്രസിഡന്റിനെ യോഗം ചുമതലപ്പെടുത്തി.
8. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സാലറി തുക നൽകുന്നവരുടേയും, വയനാട് സഹായനിധി സമാഹരണത്തിൽ പങ്കാളികളാവുന്ന നമ്മുടെ അംഗങ്ങളുടെയും യൂണിറ്റ് തിരിച്ചുള്ള വിശദമായ റിപ്പോർട്ട് ജില്ലാ സെക്രട്ടറിമാർ ക്രോഡീകരിച്ച് സംസ്ഥാന സമിതിക്ക് നൽകണം.

യോഗം രാത്രി 9.00ന് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
09-08-2024

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി